പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1620 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പീരുമേട് നിയോജകമണ്ഡലത്തിൽ സാമൂഹ്യസുരക്ഷ പെൻഷൻ കൈപ്പറ്റുന്നവർ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീമതി ഇ.എസ്.ബിജിമോൾ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 06.11.2017 ലെ സ.ഉ(എം.എസ്)നം.483/2017/ധന. പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അപേക്ഷകൻ സർവ്വീസ് പെൻഷണർ ആയിരിക്കരുത്<br>2. ആദായ നികുതിദായകൻ ആയിരിക്കരുത്.<br>3. 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉണ്ടായിരിക്കരുത്. (പട്ടികവർഗ്ഗക്കാർക്ക് ബാധകമല്ല)<br>4. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.<br>പുതിയ അപേക്ഷകർക്ക് 06.07.2018 ലെ സ.ഉ(എം.എസ്) നം.241/2018/ധന. പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമെ താഴെപറയുന്ന നിബന്ധനകൾ കൂടി ബാധകമാണ്.<br>i. 1200 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർ അർഹരല്ല.<br>ii. 1000 സിസിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള ടാക്സിയല്ലാത്ത വാഹനങ്ങൾ സ്വന്തമായുള്ളവർ അർഹരല്ല.<br>iii. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർ അർഹരല്ല.<br>iv. പുതിയ അപേക്ഷകർക്ക് ഒരു പെൻഷ**ന്** മാത്രമേ (ക്ഷേമ നിധി ബോർഡ്/സാമൂഹ്യ സുരക്ഷാ പെൻഷൻ) അർഹത ഉണ്ടാകുകയുള്ളൂ. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. |
| (ബി) | പീരുമേട് നിയോജകമണ്ഡലത്തിൽ വിവിധ സാമൂഹ്യസുരക്ഷ | (ബി) | പീരുമേട് നിയോജക മണ്ഡലത്തിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം ഇനം |

| | | | |
|---|---|---|---|
| | പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ? | | തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. കർഷക തൊഴിലാളി പെൻഷൻ - 953<br>2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 18855<br>3. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 2173<br>4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 148<br>5. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 8194<br>ആകെ - 30323 |

സെക്ഷൻ ഓഫീസർ